ഉത്തരം

(എ-സി) സർക്കാർ പരിശോധിച്ചുവരുന്നു.

(ഡി) കൃഷി വകുപ്പാണ് തീരുമാനമെടുക്കേണ്ടത്.

(ഇ) ഈ വിഷയവുമായി ബന്ധപ്പെട്ട് കാലതാമസം വരുത്തിയിട്ടില്ല.

(എഫ്) അടിയന്തരമായി പരിഗണിച്ചുവരുന്നു.

വന്യജീവി ആക്രമണംമൂലം കണ്ണൂർ ജില്ലയിൽ കൃഷിനാശം

235 (4325) ശ്രീ. എം. പ്രകാശൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വന്യ ജീവികളുടെ ആക്രമണംമൂലം കണ്ണൂർ ജില്ലയിൽ വ്യാപകമായി കൃഷി നാശം സംഭവിക്കുന്നത് കൃഷി വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ വന്യജീവി ആക്രമണത്തിൽ നിന്നും കൃഷിക്കാരെ രക്ഷിക്കുന്നതിന് എന്തെല്ലാം നടപടികളാണ് വകുപ്പ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) വന്യജീവി ആക്രമണംമൂലം കൃഷി നാശം നേരിടേണ്ടിവരുന്ന കൃഷിക്കാർക്ക് നഷ്ടപരിഹാരം നൽകുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) വന്യജീവികൾമൂലം കൃഷിനാശം സംഭവിച്ചത് കൃഷിവകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടാൽ ഉടൻ വേണ്ട നടപടികൾ സ്വീകരിക്കാൻ വനംവകുപ്പ് അധികൃതരെ അറിയിക്കുകയും രക്ഷാ നടപടികൾ വനം വകുപ്പാണ് സ്വീകരിക്കേണ്ടത് എന്നതുകൊണ്ട് സോളാർ ഫെൻസിംഗ്, ട്രഞ്ചുനിർമ്മാണം എന്നിവയ്ക്കായി ശുപാർശ ചെയ്യുകയും ചെയ്യുന്നു. ചില സന്ദർഭങ്ങളിൽ വനംവകുപ്പ് പ്രസ്തുത ജോലി ചെയ്തിട്ടുണ്ട്.

(സി) വന്യജീവികൾമൂലം നാശം ഉണ്ടാകുമ്പോൾ കർഷകരിൽനിന്നും ലഭിക്കുന്ന അപേക്ഷകൾ വേണ്ടപ്പെട്ട പരിശോധന സർട്ടിഫിക്കറ്റും ശുപാർശ സഹിതം നഷ്ടപരിഹാരത്തിനായി വനം വകുപ്പിൽ നൽകുന്നുണ്ട്.

കൃഷി വകുപ്പ് നടപ്പിലാക്കിവരുന്ന സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ വന്യജീവികളുടെ ആക്രമണം മൂലം വിളനാശം സംഭവിച്ച കർഷകർക്ക് നഷ്ടപരിഹാരം നൽകാനുള്ള വ്യവസ്ഥയുള്ളതിനാൽ ഈ മേഖലകളിലെ കർഷകരെ അവരുടെ കാർഷിക വിളകൾ ഇൻഷ്വർ ചെയ്യുന്നതിനായി പ്രേരിപ്പിക്കുകയും ചെയ്യുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly